പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.3035

20.12.2012ൽ
മറുപടിക്ക്

# നദികളിൽ റിസോഴ്സ് മാപ്പിംഗ് നടത്താനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ് :<br>ശ്രീ.വി.പി.സജീന്ദ്രൻ :<br>ശ്രീ.എം.പി.വിൻസെന്റ് :<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നദികളിൽ റിസോഴ്സ് മാപ്പിംഗ് നടത്താനുള്ള പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്. 02-04-2011 ലെ ജി.ഒ.(എം.എസ്) 161/11/റവ. ഉത്തരവിൻ പ്രകാരം ഭാരതപ്പുഴ, വാമനപുരം, ചാലക്കുടി, കബനി, കരമന എന്നീ നദികളുടേയും, 13-07-2011-ലെ 3001/2011/റവ. ഉത്തരവിൻപ്രകാരം നെയ്യാർ, ഇത്തിക്കര നദികളുടേയും മാപ്പിംഗ് പ്രവർത്തനങ്ങൾ ആരംഭിച്ചു. ടി നദികളിൽ റിവർ മാപ്പിംഗ് പൂർത്തീകരിച്ച് സാന്റ് ഓഡിറ്റിംഗ് പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. 21-04-2012 ലെ ജി.ഒ.(എം.എസ്) 161/12/റവ., 05-05-2012 ലെ 188/12/റവ. ഉത്തരവുകൾ പ്രകാരം മറ്റ് 13 നദികളിലും റിവർ മാപ്പിംഗ് നടന്നു വരുന്നു. നദികളുടെയും അവയിൽ റിവർ മാപ്പിംഗ് / സാന്റ് ആഡിറ്റിംഗ് നടത്തുന്ന ഏജൻസികളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (ബി) നദികളുടെയും, നദീതീരത്തിന്റെയും ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുക എന്നതാണ് ഉദ്ദേശലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയിൽ എല്ലാ നദികളേയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | കേരളത്തിലെ 44 നദികളിൽ താരതമ്യേന വലുതും പ്രധാനപ്പെട്ടതുമായ 20 നദികളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. അവയുടെ ഫലം അറിഞ്ഞതിനു ശേഷം മറ്റ് നദികളേയും കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | ഇതിൽ ഏതെല്ലാം ഏജൻസികളാണ് പങ്കെടുക്കുന്നത് ; ഇവരെ ഏകോപിപ്പിക്കുന്നത് ആരാണ്; വിശദമാക്കുമോ ? | (ഡി) | മാപ്പിംഗ് നടക്കുന്ന നദികളുടെയും അവ നടത്തുന്ന ഏജൻസികളുടെയും വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് റിട്ടയേർഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശ്രീ.കെ.മധുസൂദനൻ ആണ് മാപ്പിംഗ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**